## സുഹൃത്തുക്കളേ,

മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൻ (മാഗ്) എന്ന മഹത്തായ സംഘടനയുടെ നേതൃനിരയിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചത്, അഭിമാനത്തോടും ഉത്തരവാദിത്വബോധത്തോടും സ്വീകരിക്കുകയാണ്. ഈ സംഘടന പ്രാബല്യത്തിൽ വന്നിട്ട് ഇരുപതിലേറെ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. മലയാളി സംഘടനകളിൽ എന്തൊക്കെ കുറവുകളുണ്ടായാലും ഒരുകാര്യം എനിക്ക് വ്യക്തമായിട്ടറിയാം; ആവശ്യം വരുമ്പോൾ എല്ലാവരും ഒന്നാണ്. അതാണ് മലയാളികളുടെ ശക്തി. ഈ ശക്തിയും അതോടൊപ്പം യുക്തിയും മാഗിൽ പ്രത്യേകം വ്യക്തമാണ്. മാഗിന്റെ ഇതുവരെയുള്ള നേട്ടങ്ങൾ അത് തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

1987-ൽ ഒന്നുമില്ലായ്മയിൽ തുടങ്ങിയ ഈ സംഘടന ഇതിനോടകം വളർച്ചയുടെ അനേകം പടവുകൾ പിന്നിട്ടിരിക്കുന്നു. 1996-ൽ സ്വന്തമായ ഒരു ആസ്ഥാനം സ്വായത്തമാക്കിക്കൊണ്ട് അമേരിക്കയിൽ അത്തരത്തിലുള്ള ചുരുക്കം ചില സംഘടനകളുടെ പട്ടികയിൽ മാഗ് ഇടംനേടി. ഈ വളർച്ച തുടർന്നുകൊണ്ടേയിരുന്നു. 2007-ൽ കൂടുതൽ സൗകര്യത്തോടുകൂടിയ മറ്റൊരു ആസ്ഥാനം സ്വന്തമാക്കിക്കൊണ്ട് മാഗ് മുന്നേറുകയായിരുന്നു. ഇന്ന് ഏതാണ്ട് 2 ഏക്കറുള്ള വിശാലമായ സ്ഥലത്ത് വേണ്ട സൗകര്യങ്ങളോടുകൂടി ഒരു കെട്ടിടം നമുക്ക് സ്വന്തമായിട്ടുണ്ട്. ഇത് ഹ്യൂസ്റ്റൻ മലയാളികളുടെ നേട്ടമാണ്, അഭിമാനമാണ്.

ഈ നേട്ടങ്ങൾ ഹ്യൂസ്റ്റനിലെ നല്ലവരായ മലയാളികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്നുള്ളതിന് സംശയമില്ല. ഇത്രയും നാളും ഈ സംഘടനയുടെ നേതൃത്വം വഹിച്ചിട്ടുള്ളവരുടെ ദീർഘവീക്ഷണവും കഠിനാധ്വാനവും ഈ നേട്ടങ്ങൾക്കു പിന്നിലുണ്ട്. അതോടൊപ്പം ഹ്യൂസ്റ്റനിൽ ഈ സംഘടന വളരണമെന്ന ആഗ്രഹത്തോടുകൂടി പ്രവർത്തിച്ച നല്ലവരായ എല്ലാ മലയാളികളുടേയും സഹായ സഹകരണങ്ങൾ എന്നും സ്മരിച്ചേ മതിയാകു. മുമ്പുള്ള എല്ലാഭാരവാഹികളേയും ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരേയും പ്രത്യേകമായി അഭിനന്ദിക്കുന്നു, ആദരിക്കുന്നു. അവർക്ക് അഭിനന്ദനത്തിന്റേയും നന്ദിയുടേയും പൂച്ചെണ്ടുകൾ.

അതോടൊപ്പം മറ്റൊരുകാര്യംകൂടി എടുത്തു പറയേണ്ടതായിട്ടുണ്ട് രണ്ടു പതിറ്റാണ്ടു കഴിഞ്ഞിട്ടും പിളർപ്പില്ലാതെ ഒന്നായി നിലകൊള്ളുന്ന ഒരു മലയാളി സംഘടനയെന്ന അപൂർവ്വ ബഹുമതിയും മാഗിന് സ്വന്തമാണ്. ഈ നേട്ടങ്ങളെല്ലാം ഉണ്ടെങ്കിലും നമുക്ക് വളരാനും പ്രവർത്തിക്കാനും ഇനിയും ധാരാളമുണ്ട്. കാലത്തിന്റെ മാറ്റത്തിനൊത്ത് നമ്മിലും മാറ്റങ്ങളുണ്ടാകണം. സമൂഹത്തിൽ സ്നേഹവും ഐക്യവും ഉറപ്പു വരുത്തണം. കേരളാ ഹൗസിന്മേലുള്ള കടബാദ്ധ്യതകൾ എത്രയും പെട്ടെന്ന് തീർക്കേതായിട്ടുണ്ട്. അതുപോലെ യുവജനങ്ങളെ സംഘടനയിലേക്ക് ആകർഷിക്കാനും നമ്മുടെ സംസ്ക്കാരപാരമ്പര്യത്തിന്റെ മൂല്യങ്ങൾ അവരിലേക്ക് പകരാനും കഴിയണം. അവരുടെ കഴിവിനൊത്ത് പ്രവർത്തിക്കാനുള്ള അവസരമൊരുക്കണം.

ഇങ്ങനെയുള്ള വികസനരംഗങ്ങളിൽ ഞങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കുന്നതായിരിക്കും. അതിന് ഹ്യൂസ്റ്റനിലെ എല്ലാ മലയാളികളുടേയും സഹായ സഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിയ്ക്കുകയാണ്. 2009 മാറ്റത്തിന്റേയും വികസനത്തിന്റേയും വർഷമാകട്ടെ എന്ന് ഞങ്ങൾ ആഗ്രഹിയ്ക്കുകയാണ്. ഏവർക്കും സമാധനവും സന്തോഷവും നിറഞ്ഞ ഒരു വർഷം ആശംസിച്ചുകൊണ്ട് മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റനുവേണ്ടി,

സ്നേഹപൂർവ്വം-
ജോർജ് മണ്ണിക്കരോട്ട്
(പ്രസിഡന്റ്)

